"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കൽപറ്റ മുനിസിപ്പാലിറ്റിയിൽ സ്ഥിതി ചെയ്യുന്ന ബഡ്സ് സ്കൂളിൽ പഠിക്കുന്ന ഗ്രാമപഞ്ചായത്തുകളിലെ കുട്ടികൾക്ക് വാഹന ചെലവിനായി അതത് ഗ്രാമപഞ്ചായത്തിന്റെ വിഹിതം മുനിസിപ്പാലിറ്റിക്ക് കൈമാറുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2566/2024/LSGD തീയതി,തിരുവനന്തപുരം, 30-12-2024

---

പരാമർശം:-

1. വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11/09/2024ലെ 127863/2023/DPC/CC/ വയനാട് നമ്പർ കത്ത്.
2. 05/12/2024ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ ഖണ്ഡിക നം.4.51(1) മേലുള്ള തീരുമാനം.

**ഉത്തരവ്**

കൽപറ്റ മുനിസിപ്പാലിറ്റിയിൽ സ്ഥിതി ചെയ്യുന്ന ബഡ്സ് സ്കൂളിൽ വൈത്തിരി ഗ്രാമപഞ്ചായത്തിൽ നിന്ന് 15 കുട്ടികളും മുട്ടിൽ ഗ്രാമപഞ്ചായത്തിൽ നിന്ന് 15 കുട്ടികളും വെങ്ങാപ്പള്ളി ഗ്രാമപഞ്ചായത്തിൽ നിന്ന് 3 കുട്ടികളും പഠിക്കുന്നുണ്ടെന്നും ഈ കുട്ടികളെ സ്കൂളിൽ എത്തിക്കുന്നത് നഗരസഭയുടെ വാഹനത്തിലാണെന്നും വൈത്തിരി, മുട്ടിൽ, വെങ്ങാപ്പള്ളി ഗ്രാമപഞ്ചായത്തിലെ കുട്ടികൾക്കുള്ള വാഹന ചെലവ് അതത് ഗ്രാമപഞ്ചായത്തുകൾ വഹിക്കാൻ തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ടെന്നും എന്നാൽ ഗ്രാമപഞ്ചായത്ത് വിഹിതം മുനിസിപ്പാലിറ്റിക്കാണ് നൽകേണ്ടത് എന്നതിനാൽ പ്രത്യേക അനുമതി നൽകണമെന്ന് സർക്കാരിനോടാവശ്യപ്പെടാൻ വയനാട് ജില്ലാ ആസൂത്രണസമിതിയുടെ 04/09/2024-ലെ യോഗം തീരുമാനിച്ചതായും അതിനാൽ അനുമതി നൽകണമെന്നും വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസർ പരാമർശം (1) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നുള്ള കുട്ടികളാണ് ഗുണഭോക്താക്കൾ എന്നതിനാൽ വൈത്തിരി, മുട്ടിൽ, വെങ്ങാപ്പള്ളി എന്നീ ഗ്രാമപഞ്ചായത്തുകളുടെ വിഹിതം കൽപറ്റ നഗരസഭയ്ക്ക് കൈമാറാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ജില്ലാ പ്ലാനിംഗ് ഓഫീസർ, ജില്ലാ പ്ലാനിംഗ് ഓഫീസ്, വയനാട്
ഡയറക്ടർ, സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഐ&പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഐ.എ.2/208/2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Vijitha M B
സെക്ഷൻ ഓഫീസർ
Date: 07-01-2025 12:19:25